(സി) മുൻകാലങ്ങളിൽ ചെയ്തുപോലെ പ്രൊവിഷണൽ പ്രൊമോഷൻ നടത്തുന്നത് പരിഗണിക്കുമോ ;

(ഡി) ആശുപത്രികളിൽ ചികിത്സക്കെത്തുന്ന രോഗികളും സർട്ടിഫിക്കേഷന് ആയി എത്തുന്നവരും ഡോക്ടർമാരുടെ അസാന്നിധ്യംമൂലം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ വിവിധ ആശുപത്രികളിൽനിന്നും സ്പെഷ്യാലിറ്റി കേഡറിൽപ്പെട്ട 64 ഡോക്ടർമാർ 31-3-2015 വരെ പെൻഷൻ പറ്റി പിരിഞ്ഞുപോയിട്ടുണ്ട്.

(ബി) ഒഴിവുള്ള സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് തസ്തിക കളിലേയ്ക്ക് താല്ക്കാലിക പ്രൊമോഷൻ നൽകി ഉത്തരവായിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പിൽ പ്രൊവിഷണൽ പ്രൊമോഷൻ ഇപ്പോഴും അനുവദിച്ച് വരുന്നുണ്ട്.

(ഡി) ഡോക്ടർമാരുടെ റിട്ടയർമെന്റുമൂലംവന്ന ഒഴിവുകൾ പ്രൊമോഷൻവഴിയും പുതിയ നിയമനങ്ങൾവഴിയും നികത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അഡ്ഹോക്ക് വ്യവസ്ഥയിലും താല്ക്കാലികമായും ഡോക്ടർമാരെ നിയമിച്ച് കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പച്ചക്കറികളിലെ മാരകവിഷം

111 (776) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളിലെ മാരകവിഷ പ്രയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിഷം നിറഞ്ഞ ഇത്തരം പച്ചക്കറികൾ പരിശോധിക്കുന്നതിന് നടപ്പാക്കിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കാമോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികൾ കീടനാശിനി വിമുക്തമാണെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എല്ലാ നിയമസഭാമണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസ് സ്ഥാപിച്ച് ഭക്ഷ്യസുരക്ഷാനിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള വിഷാംശം കണ്ടെത്തുന്നതിന് ഗ്യാസ് ക്രോമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോഫോട്ടോ മീറ്റർ എന്ന ആധുനിക സംവിധാനം ഉപയോഗിച്ചുള്ള രാസപരിശോധനയാണ് നടത്തുന്നത്. ടി സംവിധാനം കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ ലഭ്യമാണ്. ടി സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തെ വിപണികളിൽനിന്ന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഭക്ഷ്യസുരക്ഷാ നിലവാരചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് വിഷാംശത്തിന്റെ തോത് നിശ്ചയിക്കുന്നത്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ കീഴിലുള്ള എറണാകളം, തിരുവനന്തപുരം ലാബുകളിൽ ഗ്യാസ് ക്രോമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോഫോട്ടോ മീറ്റർ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

(സി) സംസ്ഥാനത്തേക്ക് കൂടുതൽ പച്ചക്കറി എത്തുന്ന സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഫലപ്രദമായ നടപടി സ്വീകരിക്കുവാനും കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-11-2014-ൽ വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും അമിത കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ചെയർപേഴ്സനായി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, വെള്ളായണി കാർഷികകോളേജിലെ പ്രൊഫ. ഡോ. ബിജുതോമസ് മാത്യു, വാണിജ്യനികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി ഉന്നതതല കമ്മിറ്റിയുടെ തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്നംഗഉദ്യോഗസ്ഥ സംഘം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട പച്ചക്കറി ഉൽപ്പാദന വിതരണമൊത്തക്കച്ചവട മേഖലകൾ നേരിട്ട് സന്ദർശിച്ച് ഇത് സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സർക്കാരിലേയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. കൂടാതെ ഉന്നതതലകമ്മിറ്റിയുടെ തീരുമാനപ്രകാരം സംസ്ഥാനത്തെ പച്ചക്കറി

LIBRARY ARCHIVES Kerala Legislative Assembly

മൊത്ത വ്യാപാരികളുടെ ഒരു അടിയന്തരയോഗം 9-6-2015-ന് തിരുവനന്തപുരത്ത് വിളിച്ചുചേർക്കുകയുണ്ടായി. തുടർനടപടികളുടെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വിൽപ്പനനികുതി വകുപ്പിന്റെ സേവനവും തേടിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിപണികളിൽനിന്ന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെകൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

112 (777) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണുള്ളത് ; എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര സാമൂഹികാരോഗ്യകേന്ദ്രങ്ങളാണുള്ളത് ; അവ ഏതെല്ലാം; ഓരോ സാമൂഹികാരോഗ്യകേന്ദ്രത്തിലെയും അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാം ;

(സി) ഓരോ സാമൂഹികാരോഗ്യകേന്ദ്രത്തിലും ഒഴിവുള്ള തസ്തികകൾ ഏതെല്ലാം ;

(ഡി) കണ്ണൂർ ജില്ലയിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നിലവിൽ ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 84. ഉദയഗിരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രണ്ടും, പാട്യം, കൊളച്ചേരി, ഏഴോം എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഓരോ അസിസ്റ്റന്റ് സർജൻ തസ്തികയും ഒഴിവുണ്ട്.

(ബി & സി) 11. അനുവദിക്കപ്പെട്ട തസ്തികകളും ഒഴിവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly